**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17** **07-06-2021 - ൽ മറുപടിയ്ക്ക്**

**കുഴൽപണക്കവർച്ച കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ എം നൗഷാദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നത് ലക്ഷ്യമിട്ട് കുഴൽപണം കടത്തിയ കേസിൽ ബി.ജെ.പി യുടെ ഉന്നത നേതാക്കളുടെ പങ്ക് കൂടുതൽ വെളിപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇതു സംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 ആയി കേസ് റജിസ്റ്റർ ചെയ്തു . പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. |
| (ബി) | തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിനും തീവ്ര വർഗ്ഗീയ പ്രവർത്തനങ്ങൾക്കുമായി എത്തിച്ച കുഴൽപണം കവർന്ന പ്രസ്തുത കേസ് സംബന്ധിച്ച് എന്തെല്ലാം അന്വേഷണമാണ് ഇപ്പോൾ നടക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഇതു സംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 ആയി കേസ് റജിസ്റ്റർ ചെയ്തു . പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. |
| (സി) | പ്രസ്തുത കേസിൽ ഇതുവരെ ആരെയെല്ലാം ചോദ്യം ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം നേതാക്കൾക്ക് ഇത് സംബന്ധിച്ച് അന്വേഷണ സംഘം നോട്ടീസ് അയച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | കേസന്വേഷണം പുരോഗമിച്ചു വരികയാണ്. കേസിന്റെ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| (ഡി) | രാജ്യത്തിന്റെ സാമ്പത്തികനില അസ്ഥിരപ്പെടുത്തുന്ന ഇത്തരം കുറ്റകൃത്യത്തിനെതിരെ യാതൊരു കേസും എടുക്കാത്ത ഇ.ഡി.യുടെ ഇരട്ടത്താപ്പ് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ? | (ഡി) | അന്വേഷണ ഏജൻസിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ